കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി രേഷ്മ പി-യ്ക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന കാല വ്യവസ്ഥയിലുള്ള നിയമനം അവസാനിപ്പിച്ച് മാതൃ വകുപ്പിലേക്ക് തിരികെ അയച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ. (സാധാ) നം. 960/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 09/05/2019**

---

പരാമർശം : 1) 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ.
2) സ.ഉ(സാധാ)നം 284/2015/തസ്വഭവ തീയതി 30.01.2015
3) സ.ഉ(സാധാ)നം 1454/2016/തസ്വഭവ തീയതി 13.04.2016.
4) സ.ഉ. (സാധാ) നം.560/2018/തസ്വഭവ തീയതി, 26/02/2018.
5) ശ്രീമതി.രേഷ്മ.പി-യുടെ 29.01.2018,,29.01.2019 എന്നീ തീയതികളിലെ അപേക്ഷകൾ.
6) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.03.2018 ലെ കെ എസ് എ 7297/എസ് എസ് 1/2017, 02.03.2019 ലെ ഡി കെ എസ് എ 565/19/എസ് എസ് 1 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി രേഷ്മ പി-യുടെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു. ശ്രീമതി.രേഷ്മ.പി -യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നൽകുകയും, പരാമർശം (3), പരാമർശം (4) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അന്യത്രസേവനകാല വ്യവസ്ഥയിലെ നിയമനം ഓരോ വർഷത്തേക്ക് ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നു. ശ്രീമതി.രേഷ്മ.പി-യുടെ അന്യത്രസേവനകാലവ്യവസ്ഥയിലുള്ള കാലാവധി 29.01.2018 ൽ അവസാനിക്കുകയും

അനുമതിയില്ലാതെ ടിയാൾ പ്രസ്തുത തസ്തികയിൽ തുടർന്നു വരുകയുമുണ്ടായി. ശ്രീമതി.രേഷ്മ.പി പരാമർശം(5) പ്രകാരം 29.01.2018 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ടിയാൾക്ക് അന്യത്ര സേവന കാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകിയിരുന്നില്ല എന്നിരുന്നാലും ടിയാൾ പ്രസ്തുത തസ്തികയിൽ തുടരുകയും അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് 29.01.2019 ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയും പരാമർശം(6) പ്രകാരം ശിപാർശ ചെയ്ത് കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അന്യത്രസേവന വ്യവസ്ഥകൾ പ്രകാരവും പരാമർശം 1 സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി .രേഷ്മ.പി-യ്ക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം അവസാനിപ്പിച്ചു കൊണ്ടും ടിയാളെ മാതൃ വകുപ്പിലേക്ക് തിരികെ അയച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. അനുമതിയില്ലാതെ അന്യത്ര സേവനത്തിൽ തുടർന്നതിന് ടിയാൾക്കെതിരെ പരാമർശം(1) സർക്കുലർ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഷീബ. ബി**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
ശ്രീമതി രേഷ്മ പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഫീസ്(സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത് മുഖേന).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 1/115/2018/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം
Dany M J
സെക്ഷൻ ഓഫീസർ